**ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

(1) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2017

Shri M. Vincent: Sir, I move the following amendment,

' The entries against, " Note 1" of the category 8(b) in rule 4 of the Kerala Secretariat Subordinate Service Special Rules, 1967 amended by clause 2(1) for the words " Four percent" the words " Twenty percent" shall be substituted.

സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട്, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നീ ഡിപ്പാർട്ടുമെന്റുകളിൽ ഓഫീസ് അറ്റൻഡന്റുമാരായി പി.എസ്.സി. മുഖാന്തരം ജോലി ലഭിച്ചിട്ടുള്ളവർക്ക് അവരുടെ പ്രൊമോഷൻ തസ്തികയായ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ 4 ശതമാനം മാത്രമാണ് സംവരണം നൽകിയിട്ടുള്ളത്. ഇതേ പരീക്ഷ എഴുതിയിട്ടുള്ള മറ്റ് ഡിപ്പാർട്ടുമെന്റുകളിലുള്ളവർക്ക് 20 ശതമാനം സംവരണം ലഭിക്കുകയാണ്. നിയമസഭയിൽ ഓഫീസ് അറ്റൻഡന്റുമാരായി 121 പേരുണ്ട്. അവരുടെ പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് തസ്തികയിൽ 67 പേരാണുള്ളത്.

ഇങ്ങനെ നോക്കിയാൽ വെറും രണ്ടുപേർക്ക് മാത്രമാണ് പ്രൊമോഷൻ ലഭിക്കാൻ സാധ്യതയുള്ളത്. ഇതേ കാറ്റഗറിയൽപ്പെട്ടിട്ടുള്ള മറ്റ് ഡിപ്പാർട്ടുമെന്റുകളിലുള്ളവർക്ക് അഞ്ച് വർഷത്തിലൊരിക്കൽ പ്രൊമോഷൻ ലഭിക്കും. എന്നാൽ 20 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയാൽപ്പോലും ഇവർക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇവിടെ പറഞ്ഞിട്ടുള്ള ഭേദഗതി തീർച്ചയായും അംഗീകരിക്കണം. നിയമസഭയിലും അതുപോലെ സെക്രട്ടേറിയേറ്റിലുമൊക്കെയുള്ള ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഇത് ന്യായമായ ഒരു ആവശ്യമാണ്. അതുകൊണ്ട് ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ കേഡർ സ്ട്രെംഗ്തിന്റെ 20 ശതമാനം യോഗ്യതയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് 2:1 എന്ന അനുപാതത്തിൽ തസ്തിക മാറ്റം വഴി സീനിയോരിറ്റി അടിസ്ഥാനമാക്കി നിയമനം നൽകാൻ വ്യവസ്ഥയുണ്ട്. കൂടാതെ 2 ശതമാനം മറ്റ് വകുപ്പുകളിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കായി പി.എസ്.സി. മുഖാന്തരം തസ്തികമാറ്റ നിയമനം നടത്താൻ വ്യവസ്ഥയുണ്ട്. അസിസ്റ്റന്റ് തസ്തികയിലെ 2 ശതമാനം

ഒഴിവുകൾ സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കായി നീക്കി വച്ചിരുന്നത് 17-05-2018-ലെ വിജ്ഞാപനത്തിലൂടെ 4 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വിജ്ഞാപനത്തിലാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഇതുകൂടാതെ 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനം വഴി നികത്താനും നിലവിൽ വ്യവസ്ഥയുണ്ട്. ഇവയ്ക്കുപുറമെ ഇപ്പോൾ നോട്ടീസിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതിപ്രകാരം 4 ശതമാനമെന്നത് 20 ശതമാനമായി ഉയർത്തുന്നത് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കും. താഴ്ന്നവിഭാഗം ജീവനക്കാരുടെ ന്യായമായ അവകാശങ്ങളും സാദ്ധ്യതകളും സംരക്ഷിക്കുന്നതോടൊപ്പം നേരിട്ടുള്ള നിയമനം ലഭിക്കുന്നവരുടെ അവകാശങ്ങളും സർവ്വീസിന്റെ കാര്യക്ഷമതയും നിലനിർത്തുക എന്നതും പ്രധാനമാണ്. ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകളുമായി സർക്കാർ ആശയവിനിമയം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ നോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചു.

(2) 2019-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുകയാണ്.

ഖണ്ഡം (2) പ്രകാരം ഭേദഗതി ചെയ്ത 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ ചട്ടം 10-ലെ ഇനം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നിവയ്ക്ക് നേരെയുള്ള മൂന്നാം ഉൾക്കുറിപ്പിലെ "25" എന്ന അക്കം ഒഴിവാക്കുക.

1954-ലെ പ്രത്യേക വിവാഹ ആക്ടിലെ വ്യവസ്ഥപ്രകാരം പുറപ്പെടുവിച്ച, 2019-ലെ കേരള പ്രത്യേക വിവാഹ ഭേദഗതി ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ വർദ്ധിപ്പിച്ച ഫീസിൽ 25 പൈസയുടെ കണക്ക് ഉൾപ്പെടുത്തിയത് പ്രായോഗികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയാണ്. മാത്രമല്ല, കേന്ദ്ര ധനകാര്യമന്ത്രാലയം 20.12.2010-ലെ പുറപ്പെടുവിച്ച ഉത്തരവും റിസർവ് ബാങ്കിന്റെ ഉത്തരവും റിസർവ് ബാങ്കിന്റെ UBD.BPD.(PCB).Cir.No.39/09.73.000/2010-11 പ്രകാരമുള്ള സർക്കുലർ പ്രകാരവും

2011 ജൂൺ 30 മുതൽ 25 പൈസയുടെ ക്രയവിക്രയം റിസർവ് ബാങ്ക് പിൻവലിച്ചിരിക്കുകയാണ്. ആയതിനാൽ നിലവിലില്ലാത്ത നാണയത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിരക്ക് വർദ്ധിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഗവൺമെന്റ് ഫീസ് വർദ്ധിപ്പിച്ച് പുറപ്പെടുവിച്ച പത്തിടങ്ങളിൽ, ഉദ്ദിഷ്ട വിഭാഗത്തെ സംബന്ധിച്ച നോട്ടീസ് അല്ലെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള 110.25 പൈസ, ആക്ഷേപം രേഖപ്പെടുത്തുന്നതിന് 110.25 പൈസ, ആക്ഷേപത്തിനുള്ള ഒരന്വേഷണത്തിന് 551.25 പൈസ, സാക്ഷി ഹാജരാകുന്നതിന് തെളിവ് 110.25 പൈസ. ഇങ്ങനെ ഒൻപതിടങ്ങളിൽ 25 പൈസ എന്നുള്ളത് പ്രത്യേകമായി പറയുന്നുണ്ട്. ഇത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്ന് മാത്രമല്ല, സെൻട്രൽ ഗവൺമെന്റും റിസർവ് ബാങ്കും ഇല്ലാതാക്കിയിട്ടുള്ള 25 പൈസ നൽകണമെന്ന് പറഞ്ഞാൽ അത് ശരിയല്ല. അതുകൊണ്ട് ഇനം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നിവയ്ക്ക് നേരെയുള്ള മൂന്നാം ഉൾക്കുറിപ്പിലെ "25" എന്ന അക്കം ഒഴിവാക്കുക എന്നതാണ് എന്റെ ഭേദഗതി. ഒരിക്കലും പ്രായോഗികമല്ലാത്തതാണ്. അത് ജനങ്ങൾക്കും ബുദ്ധിമുട്ടാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി അംഗീകരിക്കാവുന്നതാണ്. സർക്കാർ വകുപ്പുകൾ, പൊതുമേഖല, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേന സർക്കാർ നൽകുന്ന എല്ലാ സേവനങ്ങൾക്കും നിലവിലുള്ള ഫീസ് ചാർജ് എന്നിവയിൽ, 2019-20 സാമ്പത്തിക വർഷത്തിൽ 5 ശതമാനം വർദ്ധനവ് വരുത്താൻ സർക്കാർ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ പത്താം ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചു. 5 ശതമാനം വർദ്ധനവ് കണക്കാക്കിയാൽ 25 പൈസയും 50 പൈസയും ഉൾപ്പെട്ടിരുന്നു. അതിൽ 25 പൈസ വരുന്ന ഇനങ്ങളിൽനിന്നും 25 പൈസ ഒഴിവാക്കണമെന്നാണ് ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയിരുന്നത്. 1996-ലെ 68/96/Fin. dated 06.12.1996 സർക്കാർ ഉത്തരവുപ്രകാരം പൊതു ഇടപാടുകളിൽ സംസ്ഥാന ട്രഷറിയിൽ പണമടയ്ക്കുമ്പോൾ 50 പൈസയും അതിന് മുകളിൽ വരുന്ന സംഖ്യ അടുത്തൊരു രൂപയ്ക്ക് റൗണ്ട് ഓഫ് ചെയ്യുകയും 49 പൈസയും അതിന് താഴെയുമുള്ള സംഖ്യകൾ ഉപേക്ഷിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. എന്നാലും

ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപ്രകാരം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നീ ഇനങ്ങളിലെ 25 പൈസ വിട്ട് കളഞ്ഞുകൊണ്ടും (v), (viii) ഇനങ്ങളിലെ 50 പൈസ ഒരു രൂപയാക്കി ഉയർത്തിക്കൊണ്ടും എസ്.ആർ.ഒ. നം. 779/2019 ഭേദഗതി വരുത്താവുന്നതാണ്. 50 പൈസയ്ക്ക് മുകളിലുള്ളത് ഒരു രൂപയാക്കിയും ഈ പറഞ്ഞ ഇനങ്ങളിലുള്ള 25 പൈസ എന്നുള്ളത് മുഴുവൻ ഡെലീറ്റും ചെയ്യാം. ഭേദഗതി അംഗീകരിക്കുന്നു. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

<u>മി.സ്പീക്കർ</u>: ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.